പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4012 21/06/2019 ൽ മറുപടിക്ക്

## തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ക്രമക്കേട് കാട്ടിയ ഉദ്യോഗസ്ഥർ

ചോദ്യം

**ശ്രീ.കെ.എസ്.ശബരീനാഥൻ**

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ക്രമക്കേട് കാട്ടിയ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സബ് ഗ്രൂപ്പ് ഓഫീസർ എന്നിവരെ തുടർന്നുള്ള അവരുടെ സേവന കാലത്ത് അതേ തസ്തികയിൽ നിയമിക്കരുത് എന്ന് തീരുമാനം എടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സർക്കുലർ ഇറക്കിയത് ഏത് സാഹചര്യത്തിലാണ്; ഇത് സംബന്ധിച്ച് കേരള ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ; വിശദാംശം നൽകുമോ; | (ബി) | ക്രമക്കേടുകൾ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാറുണ്ടെങ്കിലും തുടർന്നുള്ള കാലയളവിൽ ഈ ഉദ്യോഗസ്ഥരെ ഇതേ തസ്തികകളിൽ നിയമിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.ഇത് സംബന്ധിച്ച് DBAR 01/2003 കേസിലെ 12/08/2010 ലെ ബഹു.ഹൈക്കോടതി വിധിയിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ തുക ഈടാക്കുന്നതിനും പോലീസ് കേസ് ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു.ഇതിന്റെ കൂടി അടിസ്ഥാനത്തിലാണ് പ്രസ്തുത സർക്കുലർ ബോർഡ് പുറപ്പെടുവിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഉദ്യോഗസ്ഥർക്ക് സ്ഥലമാറ്റ ഉത്തരവ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ബോർഡിന്റെ നേരത്തെയുള്ള തീരുമാനത്തിന് വിരുദ്ധമായ നിലപാട് ഇപ്പോൾ സ്വീകരിക്കുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഉദ്യോഗസ്ഥർക്ക് സ്ഥലമാറ്റ ഉത്തരവ് നൽകുവാൻ ബോർഡ് തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ